# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 604 | 28/9/2016 -ൽ മറുപടിക്ക്

## ജൈക്ക പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. കെ.മുരളീധരൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. എൽദോസ് കുന്നപ്പിള്ളി | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്ത് ജൈക്ക പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്, വിശദമാക്കുമോ; | (എ) ജൈക്ക പ്രോജക്ടിൽ ഉൾപ്പെട്ടിട്ടുള്ള 5 പദ്ധതികളുടെ പ്രവർത്തനം കാര്യക്ഷമമായി നടപ്പിലാക്കാനും മോണിറ്റർ ചെയ്യാനുമായി, പദ്ധതിയുടെ ചുമതലയുള്ള ചീഫ് എഞ്ചിനീയറും, കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറും പദ്ധതി പ്രവർത്തനങ്ങൾ നിരന്തരം വിലയിരുത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു വന്നിരുന്നു. വകുപ്പു മന്ത്രി തലവനായിട്ടുള്ള കോ ഓർഡിനേഷൻ കമ്മിറ്റി, ചീഫ് സെക്രട്ടറി തലവനായിട്ടുള്ള എംപവേർഡ് കമ്മിറ്റി, ഫണ്ട് റിലീസ് കമ്മിറ്റി എന്നിവ സർക്കാർ തലത്തിൽ ജൈക്ക പ്രോജക്ടിന്റെ നടത്തിപ്പിനായി പ്രത്യേകം ഏർപ്പെടുത്തിയിട്ടുണ്ടായിരുന്നു ജില്ലാതലത്തിലും കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടായിരുന്നു ഇവയുടെ ഫലമായി ചേർത്തല പദ്ധതി; അപ്പോൾ വിഭാവന ചെയ്ത രൂപത്തിൽ 03/01/2012-ൽ പൂർണ്ണമായും പട്ടുവം പദ്ധതി 14/3/2013-ലും മീനാട് പദ്ധതി; 24/02/2011-ലും കോഴിക്കോട് പദ്ധതി 27/02/2015-ലും ഭാഗീകമായും കമ്മീഷൻ ചെയ്യുകയുണ്ടായി. തിരുവനന്തപുരം പദ്ധതി 18/5/2010 ൽ തന്നെ ഭാഗീകമായി കമ്മീഷൻ ചെയ്തിരുന്നു. തിരുവനന്തപുരം, മീനാട്, കോഴിക്കോട് പദ്ധതികളിൽ അവശേഷിക്കുന്ന വിതരണ ശൃംഖലയുടെ |

| | | | |
|---|---|---|---|
| | | | പണികളും തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലെ നിലവിലുള്ള ശുദ്ധജലവിതരണ പദ്ധതികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളും പൂർത്തിയാക്കാനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു<br>മീനാട് പദ്ധതിയുടെ വിതരണശൃംഖലകളുടെ ബാക്കി പണികൾ M/s. TECPRO Infra Structures Ltd, Kochi എന്ന കമ്പനിക്ക് 2012 ജൂണിൽ കരാർ നൽകിയിരുന്നു. M/s.TECPRO യുടെ സാമ്പത്തിക പ്രശ്നങ്ങളാൽ പണി മന്ദഗതിയിലായതിനാൽ അവരുടെ സേവനം അവസാനിപ്പിക്കുവാൻതീരുമാനിച്ചിരുന്നെങ്കിലും സർക്കാർ തലത്തിൽ യോഗങ്ങൾ കൂടുകയും 2016 ഡിസംബർ മാസത്തിൽ വിതരണ ശൃംഖലയുടെ പണി പൂർത്തിയാക്കാമെന്നുള്ള അവരുടെ ഉറപ്പിന്മേൽ പണി 2016 ഫെബ്രുവരി മാസം പുനരാരംഭിച്ചിട്ടുണ്ട് |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) | ഇതുവഴി 5 പദ്ധതി പ്രദേശങ്ങളിലും വിഭാവന ചെയ്തിരുന്ന തോതിൽ അതായത് തിരുവനന്തപുരത്ത് 10.7 ലക്ഷം ജനങ്ങൾക്കും മീനാട് 5.26 ലക്ഷം ജനങ്ങൾക്കും ചേർത്തല 6.53 ലക്ഷം ജനങ്ങൾക്കും കോഴിക്കോട് 12.08 ലക്ഷം ജനങ്ങൾക്കും പട്ടുവം 5.30 ലക്ഷം ജനങ്ങൾക്കും കുടിവെള്ളം എത്തിക്കുക എന്ന ലക്ഷ്യം കൈവരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | ഇത് നടപ്പാക്കുന്നതിന് ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ? | (സി) | ഭാഗീകമായി കമ്മീഷൻ ചെയ്ത പദ്ധതികളുടെ ബാക്കി പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനു വേണ്ടി സർക്കാർ തലത്തിലും വാട്ടർ അതോറിറ്റി തലത്തിലും യോഗങ്ങൾ ചേരുകയും പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു വരുന്നു ജൈക്ക വായ്പയുടെ സമയ പരിധി 31/12/2016 വരെ നീട്ടിക്കിട്ടുന്നതിനു വേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് |

അഭ്യർത്ഥിച്ചിരുന്നു. എന്നാൽ 28/7/2015-നു ശേഷം സമയപരിധി നീട്ടികിട്ടിയില്ല. എന്നിരുന്നാലും ബാക്കി പണികൾക്കുള്ള തുക സ്റ്റേറ്റ് ഷെയറിൽ ഉൾപ്പെടുത്തി 150 കോടി രൂപ 2016-17-ലെ സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ വകയിരുത്തു് കയും ഉണ്ടായി. ആയതിന്റെ അടി സ്ഥാനത്തിൽ തുടർ പണികൾ പുരോ ഗമിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ